(എഫ്) പ്രസ്തുത പ്രവൃത്തികളുടെ കാലാവധി 22-6-2015-ലെ സപ്ലിമെന്ററി എഗ്രിമെന്റുകൾ പ്രകാരം ദീർഘിപ്പിച്ച് 31-12-2015 വരെ നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ കരാറുകാരൻ സമയബന്ധിതമായി തന്നെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കൈനകരിയിലെ വെള്ളപ്പൊക്കദുരിതം

145 (2354) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൈനകരി പഞ്ചായത്തിൽ പ്ലാശ്ശേരി, പട്ടാളം, ഊരാളശ്ശേരി, അമ്പലം എന്നീ ദ്വീപുകളെ വെള്ളപ്പൊക്കത്തിൽ നിന്ന് സംരക്ഷിക്കുന്നതിനായി കല്ലുകെട്ടുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

കൈനകരി പഞ്ചായത്തിൽ പ്ലാശ്ശേരി, പട്ടാളം, അമ്പലം എന്നീ ദ്വീപുകളെ വെള്ളപ്പൊക്കത്തിൽ നിന്ന് സംരക്ഷിക്കുന്നതിനായി കല്ല് കെട്ടുന്നതിന് ശ്രീ. തോമസ് ചാണ്ടി എം.എൽ.എ-യിൽനിന്നും ലഭിച്ച അപേക്ഷ പ്രകാരം എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവർത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഊരാളശ്ശേരിയിൽ 110 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി 2014-15 വർഷത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്.

മൈലം-തലവൂർ പദ്ധതി

146 (2355) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ നേതൃത്വത്തിൽ നടപ്പിലാക്കുന്ന മൈലം-തലവൂർ പദ്ധതിക്ക് അനുമതി ലഭിച്ചത് എന്നാണ് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണ് ; നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണ്; വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ നടത്തിയ പ്രവൃത്തികൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly